കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

*പ്രസിദ്ധീകരണത്തിന്*

തീയതി 15.01.2021

# നീണ്ടകര പാലത്തിന്റെ കൈവരി അറ്റകുറ്റപ്പണി

കൊല്ലം നീണ്ടകര പാലത്തിന്റെ കൈവരിക്കു കേടുപാടുകൾ ഉണ്ടായതായ വാർത്തയുടെ അടിസ്ഥാനത്തിൽ ഉടൻ പരിശോധിക്കാൻ ദേശീയപാത വിഭാഗം എഞ്ചിനീയർമാർക്കു നിർദ്ദേശം നൽകിയതായി പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ അറിയിച്ചു.

ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ വിവരമനുസരിച്ച് ദേശീയ പാത 66 ലെ പ്രസ്തുത റീച്ച് ദേശീയപാത അതോറിറ്റിക്കു കൈമാറുകയും അവർ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സാധാരണ നിലയിൽ ദേശീയപാത നിർമ്മാണ ങ്ങൾക്കായി ഫണ്ട് നൽകേണ്ടത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണെന്നും മന്ത്രി പറഞ്ഞു. എന്നാൽ ദേശീയപാത അതോറിറ്റി ടെണ്ടർ ചെയ്തതിനാൽ തുടർന്നു ഫണ്ടുകളൊന്നും കേന്ദ്രമന്ത്രാലയം നൽകുകയില്ലയെന്നാണ് അറിയിച്ചിട്ടു ള്ളത്. അറ്റകുറ്റപ്പണികൾ ഉൾപ്പെടെ എൻ.എച്ച്.എ.ഐ-ആണ് ചെയ്യേണ്ടതെന്നും അവർ അറിയിച്ചിട്ടുണ്ട്.

കണ്ണൂർ വളപട്ടണത്തു റോഡിൽ വലിയ കുഴികൾ ഉണ്ടായപ്പോൾ ദേശീയപാത അതോറിറ്റിയാണ് ഫണ്ട് നൽകിയത്. നീണ്ടകര പാലത്തിന്റെ കൈവരിയുടെ അറ്റകു റ്റപ്പണിയും അടിയന്തിരമായി നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻ.എച്ച്.എ.ഐ റീജിയണൽ ഓഫീസർക്കു കത്തു നൽകാനും, താൽക്കാലിക അറ്റകുറ്റപ്പണികൾ ഉടൻ നടത്താനും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനു നിർദ്ദേശം നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.